പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1892 **26-10-2026-ൽ മറുപടിയ്ക്ക്**

എം. എൽ. എ. മാരുടെ ആസ്തി വികസന ഫണ്ട്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ജി. സുധാകരൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) 2012-ലെ ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള എം.എൽ.എ-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് തുകയായ 5 കോടി രൂപ നിലവിലെ സാഹചര്യത്തിൽ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ആസ്തി വികസന പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 04/08/2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന ഉത്തരവ് ഖണ്ഡിക 1.6 പ്രകാരം, ഓരോ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്നും ടി ഉത്തരവ് ഖണ്ഡിക 1.7 പ്രകാരം ഓരോ സാമ്പത്തികവർഷത്തിലും തങ്ങൾക്ക് അനുവദിച്ച 5 കോടി രൂപയുള്ള പ്രവൃത്തികൾ എം.എൽ.എമാർ അതത് വർഷം തന്നെ ശുപാർശ ചെയ്യേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം ശുപാർശകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ പ്രസ്തുത തുക ലാപ്സാകുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ, മുൻ വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അവശേഷിക്കുന്ന തുക, നടപ്പ് സാമ്പത്തിക വർഷ പദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതിയും നൽകി വരുന്നു. ആയതിനാൽ തന്നെ, നിലവിലെ തുകയായ 5 കോടി രൂപ അപര്യാപ്തമാണെന്നും വികസന പ്രവർത്തനങ്ങളുടെ അളവും ഗുണമേന്മയും വളരെ കുറഞ്ഞുവരുന്നുഎന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 14 വർഷങ്ങൾക്ക് ശേഷവും എം.എൽ.എ.മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് അതേ തുകയായി തുടരുന്നതിനാൽ ജനപ്രതിനിധികൾക്ക് ചെയ്യാൻ കഴിയുന്ന വികസന പ്രവർത്തനങ്ങളുടെ അളവും ഗുണമേന്മയും വളരെ കുറഞ്ഞുവരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) നിലവിലെ ആസ്തി വികസന ഫണ്ട് തുകയായ 5 കോടി രൂപയിൽ നിന്നും തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: നിലവിൽ പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ